"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന് ഒരു വർഷത്തെ സാവകാശം കൂടി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.178/2025/RD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:- 1. സ.ഉ (കൈ) നം.81/2024/ആർ.ഡി. തീയതി 09.05.2024.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.05.2025 ലെ പി.എൽ.ബി2/4608/2025 നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 20/1 Pt-ൽ ഉൾപ്പെട്ടതും ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ ഭൂമി സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി, ഉപയോഗവും കൈവശാനുഭവവും ആരോഗ്യ വകുപ്പിന് കൈമാറി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എസ്.പി.വി. ആയി നിശ്ചയിച്ചിരുന്ന കെ.എസ്.ഇ.ബി.എൽ, ടി വർക്ക് ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധിയ്ക്കുള്ളിൽ ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്നും, ആയതിനാൽ പരാമർശം (1) ഉത്തരവിന്റെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ സർവ്വേ നമ്പർ 20/1 Pt-ൽ ഉൾപ്പെട്ട, മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിന് അനുവദിച്ച 01.9818 ഹെക്ടർ ഭൂമിയിൽ ഹോസ്പിറ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന് 08/05/2025 മുതൽ ഒരു വർഷത്തെ സാവകാശം കൂടി അനുവദിയ്ക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനു എസ് നായർ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ,ആരോഗ്യ വകുപ്പ്,തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ആരോഗ്യ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 17-06-2025 11:11:08
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>
ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്സിന്